ഫിഷറി പരിശീലനം.

൪൯൯. [൨൯] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൪-൫൫ ൽ കൊച്ചീശവണ്മെൻറ് ഫിഷറി പരിശീലനത്തിനായി ആരുപേരെ തൂത്തുക്കുടിയിലേക്കു അയച്ചിരുന്നില്ലേ;

(ബി) ആ വകയിൽ ഗവണ്മെൻറിന്റെ എന്തു ചെലവായിട്ടുണ്ട്;

(സി) ഫിഷറി സെക്കണ്ടറി വിദ്യാഭ്യാസത്തെ സംബന്ധിച്ചു അവരിൽ ആരെങ്കിലും വല്ല നിർദ്ദേശവും ഗവണ്മെൻറിലേക്കു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ മേശപ്പുറത്തു വയ്ക്കുമോ;

(ഡി) അവരിൽ എത്രപേർ ഫിഷറി മിഡിൽസ്കൂൾ സെക്കണ്ടറിക്ലാസ്സുകളിൽ ഹൂലർ അദ്ധ്യാപകന്മാരായി നിയമിതരായിട്ടുണ്ട്;

(ഇ) ഫിഷറിസ്കൂൾ മൂന്നാംഫാറം പരീക്ഷാവിഷയത്തിൽ ഫിഷറീസ് ഉൾപ്പെടുമോ?

ഉത്തരം.

(എ) അയച്ചിരുന്നു.

(ബി) ഉദ്ദേശം ൫൦൦൦/- രൂപാ.

(സി) ഇല്ല.

(ഡി) ആരും ഇല്ല.

(ഇ) ഉൾപ്പെടും.

UNSTARRED QUESTIONS POSTED FOR ANSWER ON 14-3-1953

പോലീസ് ഇൻസ്പെക്ടർമാരുടെപേരിലുള്ള പരാതി.

൫൫൦. [൧] ശ്രീ. ആർ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തിലെ എത്ര പോലീസ് ഇൻസ്പെക്ടർമാരുടെ പേരിൽ ൧൯൫൨ വർഷത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) പരാതിക്കു വിഷയമായ ഇൻസ്പെക്ടറന്മാരുടെ പേരുവിവരവും ഓരോരുത്തരുടേയും പേരിൽ ഉണ്ടായ പരാതികളുടെ എണ്ണവും പരാതികളുടെ സ്വഭാവവും എന്തു;

(സി) എത്ര ഇൻസ്പെക്ടർമാരുടെ പേരിൽ നടപടികളെടുത്തു?

ഉത്തരം.

(എ) ൫൦.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക നോക്കുക. *

*See Appendix X.

LIBRARY ARCHIVES Kerala Legislative Assembly